(ഡി, ഇ) സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കിക്കൊണ്ട് ഗവൺമെൻറ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൈവറ്റ് വിദ്യാലയങ്ങളിലെ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ആശ്രിതർക്കു കൂടി ഈ ആനുകൂല്യം നൽകാൻ നിർവ്വാഹമില്ല.

പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പർമാരുടെ നിയമനത്തിലെ സാമുദായിക—പ്രാദേശിക പ്രാതിനിധ്യം

*313 [330] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. എ. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മെമ്പർമാരെ ഗവൺമെൻറ് നിയമിക്കുമ്പോൾ സാമുദായിക—പ്രാദേശിക പ്രാതിനിധ്യം പാലിക്കണം എന്ന കീഴ്വഴക്കം നിലവിലുണ്ടായിരുന്നുവോ;

(ബി) ഈയിടെ നടന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പർമാരുടെ നിയമനത്തിൽ നിലവിലുള്ള പ്രാദേശിക പ്രാതിനിധ്യ വ്യവസ്ഥ ഗവൺമെൻറ് ലംഘിച്ചു എന്നുള്ള ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) പ്രത്യേകമായ സമുദായ—പ്രാദേശിക പ്രാതിനിധ്യത്തിന് സംവരണമില്ല. എന്നാൽ ന്യൂനപക്ഷ—പിന്നോക്ക സമുദായങ്ങൾക്ക് പരിഗണന ലഭിക്കാറുണ്ട്.

(ബി) ഇല്ല.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

റിവ്യൂ ഓഫ് പർച്ചേസ് സെക്ഷൻ

618 [896] ഡോക്ടർ: ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. ചെയർമാൻെറ ഓഫീസിൽ എഞ്ചിനീയർമാർ നടത്തുന്ന പർച്ചേസുകൾ പരിശോധിക്കുന്നതിനായി റിവ്യൂ ഓഫ് പർച്ചേസ് എന്ന ഒരു സെക്ഷൻ ഉണ്ടായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly